# 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതി തുടങ്ങി



'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടിയോടനുബന്ധിച്ചുള്ള തെങ്ങുകയറ്റ പരിശീലനം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ് വീക്ഷിക്കുന്നു. ഫാ.മൈക്കിൾ വെട്ടിക്കാട്ട്, ഡോ.കെ.ജെ. ജോസഫ് തുടങ്ങിയവർ സമീപം.

**കോട്ടയം:** പ്രായഭേദമെന്യേ വലുപ്പച്ചെറുപ്പമില്ലാതെ അവർ ഒത്തുചേർത്തു. ആട്ടവും പാട്ടും താളവും മേളവുമായി മത്സരിച്ചു തെങ്ങിൽ കയറി. ഓരോ തവണ കയറി ഇറങ്ങുമ്പോഴും അവരിൽ ഉത്സാഹം കൂടിക്കൂടി വന്നു.

സംസ്ഥാന നാളികേര വികസന ബോർഡും കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയും ചേർന്നു ,നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കുട്ടം പദ്ധതിയിലൂടെയാണ് കർഷക കൂട്ടായ്മയ്ക്ക് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്റർ വേദിയായത്.

കേരകൃഷി വികസനത്തോടൊപ്പം കേരള കർഷകന്റെ സർവോതോൻമുഖമായ വികസനം ലക്ഷ്യമാക്കി നാളികേര വികസന ബോർഡ് വിഭാവനം ചെയ്തിരിക്കുന്ന ഫ്രണ്ട്സ് ഓഫ് കോക്കനട്ട് പദ്ധതി നടപ്പിലാക്കുന്ന ജില്ലയിലെ സന്നദ്ധസംഘടനയാണ് കെഎസ്എസ്എസ്.

20 പേർക്കായി ആറു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയുടെ ആദ്യബാച്ചിന്റെ പരിശീലനം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്തു. കെഎസ്എസ്എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കുമരകം കൃഷി വിജ്ഞാൻ കേന്ദ്ര പ്രഫസർ ആൻഡ് ഹെഡ് ഡോ.കെ.ജെ. ജോസഫ്, സിസ്റ്റർ ലിനറ്റ് ഡിസിപിബി, ജിജി ജോയി, മാത്യു ജോസഫ്, ജോമോൻ ജോണി എന്നിവർ പ്രസംഗിച്ചു.

18നും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും പദ്ധതിയിൽ പങ്കാളികളാകാം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പൻഡും തെങ്ങുകയറ്റ മെഷീനും ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കും.

കെഎസ്എസ്എസ് സംസ്ഥാന നാളികേര വികസന ബോർഡുമായി സഹകരിച്ചു നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി കേരകൃഷിക്കും കർഷകർക്കും കൂടുതൽ കരുത്തും ഊർജവും നൽകുമെന്ന് കെഎസ്എസ്എസ് സെക്രട്ടറി ഫാ.മൈക്കിൾ വെട്ടിക്കാട്ട് പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447812572.